# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.42702/AD A3/4/2019/ADMIN തീയതി.19.02.2020

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ ചില നിബന്ധനകൾ പദ്ധതിയിലെ വരിക്കാർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാക്കുന്നത് ഒഴിവാക്കുന്നതിനും സർക്കാരിലേക്ക് എത്തുന്ന ശിപാർശകളുടെ എണ്ണം കുറക്കുന്നതിനുമായി കാലഹരണപ്പെട്ട അംഗത്വം പുനരുജ്ജീവിപ്പിക്കുന്നത് സംബന്ധിച്ചുള്ള ചട്ടങ്ങൾ / വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ പരിപത്രം നം. 75/2019/ധന തീയതി, 20.08.2019 പുറപ്പെടുവിച്ചിരുന്നു. ടി പരിപത്രം, മിനിറ്റ്സ് ഇനം നം. 180/20.01/DDFS-42702/2019 തീയതി 15.02.2020 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ./ഐ.ക്യു.എ.സി./സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഫിനാൻസ് 3
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #2 of File 42702/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 19-Feb-2020 03:52 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

മഹാത്മാഗാന്ധി സർവ്വകലാശാല
കോട്ടയം കേരളം
തപാൽ നമ്പർ 4161
തീയതി 2/11/19

രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
ജോയിന്റ് രജിസ്ട്രാർ

# കേരള സർക്കാർ

## ധനകാര്യ (ജി.ഐ.എസ്.) വകുപ്പ്

## പരിപത്രം

നമ്പർ 75/2019/ധന. *തിരുവനന്തപുരം, 2019 ആഗസ്റ്റ് 20.*

വിഷയം:—ധനകാര്യ വകുപ്പ്—ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി—കാലഹരണപ്പെട്ട അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ—ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.

സൂചന:— (1) 21-4-2010-ലെ സ. ഉ. (അച്ചടി) നമ്പർ 249/10/ധന. ഉത്തരവ്.

(2) 13-10-2015-ലെ സ. ഉ. (അച്ചടി) നമ്പർ 460/15/ധന. ഉത്തരവ്.

(3) 6-8-2019-ൽ കൂടിയ ധനകാര്യ (ജി. ഐ. എസ്.) വകിപ്പിന്റെ അവലോകന യോഗ നടപടി കുറിപ്പ്.

(4) 7-8-2019 തീയതിയിലെ ഇൻഷുറൻസ് ഡയറക്ടറുടെ ഡെവ.വിംഗ്/ഡി.വി. 2/994/17 നമ്പർ കത്ത്.

സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ പുതുതായി അംഗത്വം നൽകുന്നതും കാലഹരണപ്പെട്ട അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതും സംബന്ധിച്ച ചട്ടങ്ങൾ/ വ്യവസ്ഥകൾ സൂചന (1) പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വ്യവസ്തകളിൽ ഭേദഗതി ചെയ്ത് സൂചന (2) പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചു. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ നിലവിലുള്ള ചില വ്യസ്ഥകൾ പദ്ധതിയിലെ വരിക്കാർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാക്കുന്നു എന്ന കാരണത്താൽ പ്രസ്തുത ഇൻഷുറൻസ് സ്കീമിൽ ഭേദഗതികൾ വരുത്തുന്നതിന് സൂചന (3) ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് ഡയറക്ടർ സൂചന (4) പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിലവിലുള്ള ഗ്രൂപ്പ് ഇൻഷുറൻസിന്റെ ചില നിബന്ധനകൾ പദ്ധതിയിലെ വരിക്കാർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാക്കുന്നത് ഒഴിവാക്കുന്നതിനും സർക്കാരിലേക്ക് വരുന്ന ശിപാർശകളുടെ എണ്ണം കുറയ്ക്കുന്നതിനുമായി കാലഹരണപ്പെട്ട അംഗത്വം പുനരുജ്ജീവിപ്പിക്കുന്നത് സംബന്ധിച്ചുള്ള ചട്ടങ്ങൾ/വ്യവസ്ഥകൾ ചുവടെ പറയും പ്രകാരം ഭേഗഗതി ചെയ്ത് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) 5 വർഷം വരെ വരിസംഖ്യ മുടക്കം വരുത്തിയ ജീവനക്കാരുടെ കുടിശ്ശിക വരിസംഖ്യ നിശ്ചിത പലിശ സഹിതം പരമാവധി മൂന്ന് തവണകളായി ഒടുക്കി പുനഃസ്ഥാപിക്കുന്നതിന് അനുമതി നൽകുവാനുള്ള അധികാരം ജില്ല ഇൻഷുറൻസ് ഓഫീസർമാരിൽ നിക്ഷിപ്തമാക്കുന്നു. 5 വർഷത്തിന് മുകളിൽ 10 വർഷം വരെ വരിസംഖ്യ മുടക്കം വരിത്തിയ ജീവനക്കാരുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ഇൻഷുറൻസ് ഡയറക്ടറിൽ നിക്ഷിപ്തമാക്കുന്നു. 10 വർഷത്തിന് മുകളിൽ വരിസംഖ്യ മുടക്കം വരുത്തിയ ജീവനക്കാരുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതിനുള്ള അനുമതി നൽകാനുള്ള അധികാരം സർക്കാരിലും നിക്ഷിപ്തമാക്കുന്നു.

(ii) നിലവിലെ ചട്ടങ്ങൾ പ്രകാരം തസ്തികയിൽ ഒഴിവില്ലാത്തതു കാരണം സർക്കാർ ജോലിയിൽ നിന്നും പുറത്ത് പോകുന്ന ജീവനക്കാരുടെ അംഗത്വം നഷ്ടപ്പെടുകയും പുനർനിയമനം ലഭിക്കുമ്പോൾ പ്രസ്തുത അംഗത്വം പുനരുജ്ജീവിപ്പിക്കാൻ സാധിക്കാത്ത സാഹചര്യവുമാണ്. ഈ വ്യവസ്ഥ പരിഷ്കരിച്ച്, പ്രസ്തുത ജീവനക്കാർക്ക് പുനർനിയമനം ലഭിച്ച ശേഷം നിലവിലുള്ള അംഗത്വം മേൽസൂചിപ്പിച്ചതുപോലെ പുരുജ്ജീവിപ്പിച്ച് നൽകാവുന്നതാണ്.

(iii) നിലവിലെ ചട്ടങ്ങൾ പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ആദ്യമാസത്തെ ശബളത്തിൽ നിന്നും ഗ്രൂപ്പ് ഇൻഷുറൻസ് വരിസംഖ്യ കിഴിക്കൽ നടത്തി പദ്ധതിയിൽ അംഗത്വം നേടേണ്ടതാണ്. ആദ്യമാസത്തെ ശബളത്തിൽ നിന്നും വരിസംഖ്യ കിഴിക്കൽ നടത്തി അംഗത്വമെടുക്കുന്നതിൽ വീഴ്ച വരിത്തുന്ന ജീവനക്കാരന് പദ്ധതിയിൽ അംഗത്വം നൽകുന്നതിന് മുൻപ് ഇൻഷുറൻസ് വകുപ്പിൽ നിന്ന് പ്രത്യേക അനുമതി

നേടേണ്ടതുണ്ടെന്ന നിബന്ധന ഒഴിവാക്കുന്നു. ആദ്യ മാസത്തെ ശമ്പളത്തിൽ നിന്നും കിഴിക്കൽ നടത്താൻ കഴിയാത്ത സാഹചര്യത്തിൽ തൊട്ടടുത്ത മാസത്തെ ശമ്പളത്തിൽ നിന്ന് കിഴിവ് വരുത്തുന്നതിന് ബന്ധപ്പെട്ട ഡ്രോയിങ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർക്ക് അനുമതി നൽകുന്നു.

(iv) നിയമന അംഗീകാര ഉത്തരവ് ലഭിക്കാൻ വൈകുന്നതുമൂലം ആദ്യ മാസത്തെയോ, തുടർന്നുള്ള മാസങ്ങളിലെയോ ശമ്പളത്തിൽ നിന്നും വരിസംഖ്യ കിഴിക്കൽ നടത്താൻ സാധിതക്കാതെ വരുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർ, പേസ്ലിപ്പ് ലഭിക്കാൻ വൈകുന്നതുമൂലം വരിസംഖ്യ കിഴിക്കൽ നടത്തുവാൻ സാധിക്കാത്ത ഗസറ്റഡ് ഉദ്യോഗസ്ഥർ, ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറുടെയോ, ജീവനക്കാരുടെയോ നിയന്ത്രണത്തിന് പുറത്തുള്ള കാരണങ്ങളാൽ വരിസംഖ്യ കിഴിക്കൽ നടത്തുവാൻ സാധിക്കാത്ത ജീവനക്കാർ എന്നിവർക്ക് ഇൻഷുറൻസ് വകുപ്പിൽ നിന്നുള്ള മുൻകൂർ അനുമതി ഒഴിവാക്കേണ്ടതും പകരം നിയമനാംഗീകാര ഉത്തരവ്/പേസ്ലിപ്പ്/ഇതു സംബന്ധിച്ചുള്ള പ്രത്യേക ഉത്തരവ് ലഭിക്കുന്ന തീയതി ഉൾപ്പെടുന്ന മാസത്തെ ശമ്പളത്തിൽ നിന്ന് വരി സംഖ്യ കിഴിക്കൽ നടത്തി അംഗത്വം നേടാവുന്നതാണ്.

(v) ബോർഡുകൾ/കോർപ്പറേഷനുകൾ/യൂണിവേഴ്സിറ്റികൾ/കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥപനങ്ങൾ/മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ, പ്രസ്തുത സ്ഥാപനം പുതുതായി പദ്ധതിയിൽ ചേരുമ്പോൾ സ്ഥാപനത്തിലെ നിലവിലുള്ള ജീവനക്കാർക്ക് സ്ഥാപനം പദ്ധതിയിൽ ചേരുന്ന മാസത്തെ ശമ്പളത്തിൽ നിന്നും വരിസംഖ്യ കിഴിക്കൽ നടത്തി അംഗത്വം നേടേണ്ടതാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ മറ്റെല്ലാ ജീവനക്കാർക്കും മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ ബാധകമായിരിക്കുന്നതാണ്.

(vi) ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ നിലവിൽ അക്കൗണ്ട് നമ്പർ ലഭിച്ചിട്ടുള്ളതും പാസ്ബുക്ക് നഷ്ടപ്പെട്ടിട്ടുള്ളതുമായ ജീവനക്കാർ ഓരോ കാലയളവിലും ജോലി ചെയ്തിരുന്ന ഓഫീസുകളിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരിസംഖ്യ കിഴിക്കൽ വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റും, അക്കൗണ്ട് നമ്പർ ലഭിച്ചിട്ടില്ലാത്തവർ പ്രസ്തുത സ്റ്റേറ്റ്മെന്റിനോടൊപ്പം ആദ്യ വരിസംഖ്യ കിഴിക്കൽ വിവരങ്ങൾ രേഖപ്പെടുത്തി ഡ്രോയിംഗ് ആന്റ് ഡിസ്ബ്ഴ്സിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തയ

സി ഫോറവും പാസ്ബുക്കിന് പരകമായി നൽകി പദ്ധതികാലാവധി പൂർത്തിയായ ശേഷം/മരണാനന്തരം ക്ലെയിനമിന് അപേക്ഷിക്കാവുന്നതാണ്.

(vii) രാജ്യത്തിന് അകത്തോ പുറത്തോ ജോലിയിൽ പ്രവേശിക്കുന്നതിനും പങ്കാളിയോടൊപ്പം താമസിക്കുന്നതിനുമായി ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും തുടർന്ന് സർവ്വീസിൽ തിരികെ പ്രവേശിച്ച് 50 വയസ്സിനു ശേഷം ഗ്രൂപ്പ് ഇൻഷുറൻസ് അംഗത്വം പുനരുജ്ജീവിപ്പിക്കാൻ നൽകുന്ന അപേക്ഷകൾ ഇനി മുതൽ പരിഗണിക്കുന്നതല്ല. എന്നാൽ നിലവിൽ വരിസംഖ്യ അടച്ചു വരുന്നവർക്കും പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചവർക്കും അംഗത്വം പുനരുജ്ജീവിപ്പിച്ച് നൽകാവുന്നതാണ്.

(viii) മേൽ പ്രസ്താവിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറും, ബന്ധപ്പെട്ട ട്രഷറി ഓഫീസറും ഉറപ്പുവരുത്തേണ്ടതാണ്.

(ix) ഒരു ജീവനക്കാരന് ആദ്യ മാസം മുതൽ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാതിരിക്കുന്നതുമൂലം ജീവനക്കാരനോ ടിയാന്റെ അവകാശിക്കോ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ഉത്തരവാദിയായിരിക്കുന്നതാണ്.

(x) ഗ്രൂപ്പ് ഇൻഷുറൻസ് സ്കിം അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മേൽ പ്രസ്താവിച്ച നിർദ്ദേശങ്ങളിന്മേൽ ഉണ്ടാകുന്ന സംശയങ്ങൾ/സ്പഷ്ടീകരണങ്ങൾ എന്നിവയ്ക്ക് സർക്കാരിനെ സമീപിക്കാവുന്നതാണ്.

**മനോജ് ജോഷി,**

*അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).*

<u>പകർപ്പ്:</u>

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ അന്റ് ഇ), കേരളം, തിരുവനന്തപുരം.

എല്ലാ വകുപ്പു മേധാവികൾക്കും ഓഫീസുകൾക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകൾക്കും.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ ഇൻഷുറൻസ് ഓഫീസർമാർക്കും.

രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്, എം. ജി., കണ്ണൂർ സർവ്വകലാശാല (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാണിക്കര (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ശ്രീശങ്കര സംസ്കൃത സർവ്വകലാശാല, കാലടി (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും

ഗവർണറുടെ സെക്രട്ടറിക്ക്.

മുഖ്യ വിവരാവകാശ കമ്മീഷണർ (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ്‌വിപ്പ്, എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. (ധനകാര്യം).

നോഡൽ ഓഫീസർ, (www.finance.kerala.gov.in).

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (File No. GIS-3/252/2019-FIN).

---